ശ്രീ. ടി. എ. തൊമ്മൻ : സർ, ചോദ്യം നമ്പർ 41-ന കൂടി ഉത്തരം പറഞ്ഞാൽ കൊള്ളാം.

പുതിയ കാളേജുകളും സ്കൂളുകളും.

* 36. [41] ശ്രീ. ടി. എ. തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി കാളേജുകളും സ്കൂളുകളും അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രവീതം ; എവിടെയെല്ലാം ;

(സി) അതിലേക്ക് സ്വീകരിക്കുന്ന മാനദണ്ഡം എന്താണ് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ട്.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) പ്രാദേശിക വിദ്യാഭ്യാസാവശ്യം, സ്ഥലസൗകര്യം, കോളേജുകൾക്കും സ്കൂളുകൾക്കും വേണ്ടി അപേക്ഷിക്കുന്നവരുടെ കഴിവ് എന്നിവ നോക്കിയാണ് അംഗീകരിക്കുന്നത്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : ജില്ലാ വികസന കൗൺസിലിൽ ഗവണ്മെന്റ് നിർദ്ദേശം നൽകിയതനുസരിച്ച് തിരുവനന്തപുരത്തെ ജില്ലാവികസന കൗൺസിൽ ഒരു കമ്മിറ്റി വിളിച്ചുകൂട്ടുകയും സ്കൂളുകൾ അനുവദിക്കുന്നതിനുള്ള ഒരു ലിസ്റ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിലെ നിർദ്ദേശങ്ങൾ ഒന്നാമതായി നാട്ടുകാരുടെ സഹായത്തോടുകൂടി സ്കൂളുകൾ തുടങ്ങുന്നതിനുള്ള പ്രാബല്യം നൽകണമെന്നും രണ്ടാമതായി പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പ്രാബല്യം നൽകണമെന്നും, മൂന്നാമതായി സഹകാര്യ വ്യക്തികൾക്ക് പ്രാബല്യം നൽകണമെന്നുമാണ്. ഇതിനെപ്പറ്റി ഗവണ്മെൻറിന്റെ അഭിപ്രായം എന്താണ് ; ഈ തീരുമാനം ഗവണ്മെൻറിന്റെ പരിഗണനയ്ക്ക് എടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : സ്കൂളുകൾ അനുവദിക്കുന്നതിനാവശ്യമായ വിവരങ്ങൾ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറ് വഴിയാണ് ഗവണ്മെൻറ് ശേഖരിക്കുന്നത്. ജില്ലാ വികസന കൗൺസിൽ ആ വിഷയത്തിൽ എന്തെങ്കിലും ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. അതിൽ എന്തു നയമാണ് തീരുമാനിക്കേണ്ടതെന്നുള്ളത് ആലോചിക്കേണ്ടത് ഗവണ്മെൻറാണ്; അല്ലാതെ ജില്ലാ വികസന കൗൺസിലല്ല.

ശ്രീ. മൊഹ്സിൻബിൻ അഹമ്മദ് : 1963-ൽ സ്കൂളുകൾ പുതുതായി അനുവദിക്കുന്നതിനുവേണ്ടി ട്രഷറികളിൽ പണം അടച്ച് അപേക്ഷിച്ചിട്ട് അവ ഒന്നുംതന്നെ അനുവദിച്ചു കിട്ടിയിട്ടില്ല. അവയിൽ പലതും ലോവർ പ്രൈമറി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും ഹൈസ്കൂളുകൾ അനുവദിക്കുന്നതിനും വേണ്ടിയാണ്. അങ്ങനെ നേരത്തെ പണം അടച്ച് അപേക്ഷിച്ചിരുന്നവർ ഈ വർഷം പുതിയ സ്കൂളുകൾ അനുവദിക്കുന്നതിനുവേണ്ടി ഇനി അപേക്ഷിക്കുമ്പോൾ വീണ്ടും പണം അടച്ച് പ്രത്യേക ഹാജ്ജികൾ അയയ്ക്കേണ്ട. ആവശ്യമുണ്ടോ ?

ശ്രീ. ആർ. ശങ്കർ : കഴിഞ്ഞവർഷം പണം അടച്ച് അപേക്ഷിച്ചിട്ടുള്ളവർ ഈ വർഷം പുതിയ സ്കൂളുകൾക്ക് അപേക്ഷിക്കുമ്പോൾ കഴിഞ്ഞവർഷം പണം അടച്ചിട്ടുള്ളതിനെ ഇപ്പോൾ വകവെയ്ക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീ. കെ. കൃഷ്ണപിള്ള : ചില ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിൽ ഉദാഹരണമായി കൊല്ലം ഡിസ്ട്രിക്റ്റിലും ആര്യൻകാവിലും തമിഴ് മീഡിയം ക്ലാസ്സുകൾ നടന്നുവരുന്നുണ്ട്. അത്തരം സ്ഥലങ്ങളിൽ തമിഴ് മീഡിയത്തിനു

LIBRARY ARCHIVES Kerala Legislative Assembly

പോകുന്ന കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് അവിടെയെല്ലാം പുതിയ ഹൈസ്കൂളുകൾ അനുവദിക്കുന്നതിന് പ്രത്യേക പരിഗണന കൊടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : തമിഴ് മീഡിയം എടുത്തിട്ടുള്ള കുട്ടികൾ ഹൈസ്കൂളിൽ പോകുന്നതിന് വേണ്ടിടത്തോളം ഉണ്ടെങ്കിൽ അവിടെയെല്ലാം ഹൈസ്കൂൾ അനുവദിക്കുന്നതിനെപ്പറ്റി പരിഗണിക്കാവുന്നതാണ്.

ശ്രീ. പി. രവീന്ദ്രൻ : പുതിയ സ്കൂളുകൾ അനുവദിക്കുന്നതിന് ജില്ലാവികസന കൗൺസിലുകൾ അവരുടെ അഭിപ്രായം രേഖപ്പെടുത്തണമെന്ന് ഗവണ്മെൻറിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ആവശ്യപ്പെട്ടിട്ടില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ജനങ്ങൾ പണം ചെലവഴിച്ച് കെട്ടിടങ്ങൾ പണിയിച്ച് പല സ്ഥലങ്ങളിലും സ്കൂളുകൾ നടത്തുന്നുണ്ട്. അങ്ങനെയുള്ള സ്കൂളുകളെ റക്കഗ്നൈസ്ഡ് സ്കൂളുകളായി അംഗീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെയുള്ള സ്കൂളുകളെ റക്കഗ്നൈസ്ഡ് സ്കൂളുകളായിട്ട് പരിഗണിക്കണമെന്ന് ഗവണ്മെൻറ് വിചാരിച്ചിട്ടുണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ : പ്രൈമറി വിദ്യാഭ്യാസം ഒന്നു മുതൽ ഏഴു വരെയുള്ള ക്ലാസുകളിലാണെന്നുള്ള തത്വം ഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ ഒന്നാം ക്ലാസ് മുതൽ 7–ാം ക്ലാസ്വരെ ഒരേ സ്കൂളിൽ ആക്കുന്നതിനുള്ള ഒരു നയം ഗവണ്മെൻറിൽനിന്നും സ്വീകരിക്കുമോ ? അങ്ങനെ ചെയ്യില്ലെങ്കിൽ പ്രൈമറി വിദ്യാഭ്യാസം പുനർനിർവചനം ചെയ്യാൻ തയ്യാറാകുമോ ?

ശ്രീ. ആർ. ശങ്കർ : ലോവർ പ്രൈമറി വിദ്യാഭ്യാസം ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലും അപ്പർ പ്രൈമറി വിദ്യാഭ്യാസം അഞ്ചു മുതൽ ഏഴുവരെ ക്ലാസുകളിലുമാണ്. ഇവ രണ്ടുംകൂടി ചേർന്നുള്ള സ്കൂളുകളും ഇപ്പോൾതന്നെ ധാരാളമുണ്ട്. പ്രത്യേകമായിട്ടുള്ളവയും ഉണ്ട്. ഒന്നാം ക്ലാസു മുതൽ 7–ാം ക്ലാസുവരെ ഒരേ സ്കൂളിൽതന്നെ കൊടുക്കണ്ട ആവശ്യമൊന്നുമില്ല.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : പുതിയ സ്കൂളുകൾ അനുവദിക്കുന്നതിന് ജില്ലാവികസന കൗൺസിലിൻറെ അഭിപ്രായം മിനിസ്റ്റർ ആവശ്യപ്പെട്ടിട്ടില്ലെന്ന് പറഞ്ഞു. ഓരോ ജില്ലാ വികസന കൗൺസിലുകളും അതാതു ജില്ലകളിൽ കമ്മിറ്റികൾ വിളിച്ചുകൂട്ടി സ്കൂളുകൾ അനുവദിക്കുന്നതിനെപ്പറ്റി ആലോചിച്ച് ലിസ്റ്റു തയാറാക്കി ഗവണ്മെൻറിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മന്ത്രിയുടെ പ്രത്യേക ഉത്തരവ് ഇക്കാര്യത്തിൽ കൊടുത്തിട്ടില്ലെങ്കിൽ ഇങ്ങനെ ചെയ്യാനുള്ള കാരണമെന്താണ് ?

ശ്രീ. ആർ. ശങ്കർ : ജില്ലയിൽ താൽപര്യമുള്ള കാര്യങ്ങളെപ്പറ്റി ജില്ലാ വികസന കൗൺസിലുകൾ അഭിപ്രായം പുറപ്പെടുവിക്കുന്നതിൽ തെറ്റില്ല. ആ അഭിപ്രായങ്ങൾക്ക് നൽകാവുന്നിടത്തോളം മാന്യത കൊടുക്കുന്നുമുണ്ട്. പക്ഷെ വിദ്യാലയങ്ങളുടെ കാര്യത്തിൽ ശുപാർശ സമർപ്പിക്കേണ്ട ചുമതല വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിനാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : മുഖ്യമന്ത്രി ഇവിടെ പറഞ്ഞു ജില്ലാ വികസന കൗൺസിലുകളിൽനിന്നും സ്കൂളുകൾ അനുവദിക്കുന്നതിനെപ്പറ്റി ശുപാർശ അയയ്ക്കുന്നതിന് ആവശ്യപ്പെട്ടിരുന്നില്ലെന്ന്. എന്നാൽ അതാതു ജില്ലകളിൽ എവിടെയെല്ലാമാണ് സ്കൂളുകൾ അനുവദിക്കേണ്ടതെന്നുള്ളതിനു

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമായ തീരുമാനം എടുക്കുന്നതിനുവേണ്ടി ഗവണ്മെൻറിൽനിന്നും ഉത്തരവു് അയക്കുകയും അതിൻെറ അടിസ്ഥാനത്തിൽ അതിലെ അംഗങ്ങൾക്കു് ടി. എ. കൊടുക്കുകയും അവർ ഇതിനെപ്പറ്റി ശുപാർശ അയയ്ക്കുകയും ചെയ്തതിനുശേഷം ഗവണ്മെൻറിൽനിന്നും അറിഞ്ഞിട്ടില്ലെന്നു പറയുന്നതു് ശരിയാണോ ?

ശ്രീ. ആർ. ശങ്കർ : ഞാൻ പറഞ്ഞതു് ഈ മിനിസ്റ്റർ അങ്ങനെ ആവശ്യപ്പെട്ടിട്ടില്ലെന്നാണു്.

ശ്രീമതി കെ. ആർ. ഗൗരി : ഡിസംബർ 31–ാം തീയതിക്കകം ജില്ലാ വികസന കൗൺസിലുകൾ ജില്ലകളുടെ ഏതെല്ലാം ഭാഗങ്ങളിലാണു് സ്കൂളുകൾ അനുവദിക്കേണ്ടതെന്നുള്ളതിനെപ്പറ്റി ആലോചിച്ചു് ഡിപ്പാർട്ടുമെൻറിലേക്കു ശുപാശകൾ അയയ്ക്കണമെന്നു് ഡിപ്പാർട്ടുമെൻറിൽനിന്നും ഡി. ഇ. ഓ. മാർക്കു് സർക്കുലർ അയച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ സർക്കുലർ അയച്ചിട്ടുണ്ടോയെന്നു് എനിക്കു് നിശ്ചയമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : നാലു വർഷമായി തുടർന്നുവരുന്ന ഒരു നയമാണു് പുതിയ സ്കൂളുകൾ അനുവദിക്കുന്നതിനു് ജില്ലാ വികസന കൗൺസിലുകൾ ശുപാർശ അയയ്ക്കണമെന്നുള്ളതു്. എന്നാൽ ഇപ്പോൾ അങ്ങനെ ഒരു നയമില്ലയെന്നു് പ്രഖ്യാപിച്ചു കഴിയുകയുംചെയ്തു. ഗവണ്മെൻറിൻെറ നയം നടപ്പിൽ വരുത്തുന്ന സമയത്തു് അതായതു്, സ്കൂളുകൾ പുതിയതായി തുടങ്ങുന്നതിനു് അനുവാദം കൊടുക്കുമ്പോഴും അപ്ഗ്രേഡു് ചെയ്യുമ്പോഴും അതാതു സ്ഥലത്തുള്ള എം. എൽ. എ. മാരെക്കൂടി അറിയിക്കുകയും അവരുടെ അഭിപ്രായങ്ങൾകൂടി ആരായുകയും ചെയ്യുന്നതിനുള്ള നടപടികൾ എടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : വിദ്യാലയങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിനും ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു് സെക്രട്ടറിയേറ്റിലെ പ്രത്യേകമായ വകുപ്പിനുമല്ലാതെ ആക്ഷേപം അതിൽ ഒരു അധികാരവുമില്ല. ഗവണ്മെൻറിൽനിന്നും ഡി. ഇ. ഓ. മാർക്കു സർക്കുലർ അയച്ചിട്ടുണ്ടോയെന്നുള്ളതും എനിക്കറിവില്ല. ഇതിലേക്കാവശ്യമുള്ള നയം മിനിസ്റ്ററാണു് സ്വീകരിക്കേണ്ടതു്. എന്നാൽ മിനിസ്റ്റർ ഒരിക്കലും ജില്ലാ വികസന കൗൺസിലിനോടു് ഇക്കാര്യത്തിൽ ഒരു ശുപാർശയും സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടില്ല. എല്ലാ കാര്യത്തിലും ജില്ലാ വികസന കൗൺസിലിനു് അതാതു ജില്ലകളെപ്പറ്റിയുള്ള അഭിപ്രായം പറയാവുന്നതാണു്. പക്ഷെ ഇക്കാര്യത്തിൽ അവരുടെ ശുപാർശ അംഗീകരിക്കാൻ സാധ്യമല്ല. കാരണം ചിലപ്പോൾ അവരുടെ ശുപാർശ സ്വീകരിക്കുകയാണെങ്കിൽ ഒരു പള്ളിക്കൂടവും അനുവദിക്കുവാൻ സാധിക്കുകയില്ല. വിദ്യാലയങ്ങൾ ആവശ്യമുണ്ടോയില്ലയോ എന്നറിയുന്നതിനു് ജില്ലാവികസന കൗൺസിലുകളെക്കാൾ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർക്കു് സൗകര്യമുണ്ടു്. അവർ ഇതിനെപ്പറ്റി ഒരു സർവ്വെ നടത്തിയിട്ടുണ്ടു്. അതിൻെറ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർക്കു് എവിടെയെല്ലാമാണു് സ്കൂളുകൾ ന്യായമായിട്ടാവശ്യമുള്ളതെന്നുള്ളതിനെപ്പറ്റി ശുപാർശ അയയ്ക്കാൻ കഴിയും.

മദ്യനിരോധന കേസ്സുകൾ.

* 37. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷത്തിൽ മദ്യനിരോധനം ലംഘിച്ചതിനു് എത്രപേരുടെ പേരിൽ കേസെടുത്തിട്ടുണ്ടെന്നു പറയാമോ ;

(ബി) ഇതിൽ ഗവണ്മെൻറുദ്യോഗസ്ഥന്മാർ എത്ര;

LIBRARY ARCHIVES Kerala Legislative Assembly